(ബി) വനത്തിനകത്ത് താമസിപ്പിക്കുന്നവരെ മാറ്റിപാർപ്പിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) വയനാട് ജില്ലയിൽ പുനരധിവസിപ്പിക്കപ്പെടുന്നതിന് സന്നദ്ധത പ്രകടിപ്പിച്ച കൊട്ടങ്കര, കുണ്ടുചിറ, വെള്ളക്കോട്, പൂത്തൂർ, പീലാക്കാവ്, അരക്കുത്തി, തേക്കുറ വയൽ, കുമ്പ്രംകൊല്ലി എന്നീ 8 കോളനികളിലുള്ള കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള ഒരു പദ്ധതി സർക്കാർ പരിശോധിച്ചു കൊണ്ടിരിക്കുകയാണ്.

(ബി) കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

റെയിഞ്ചർമാരിൽ നിന്നും ഈടാക്കാനുള്ള മിസലേനിയസ് അഡ്വാൻസ്

75 (1130) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനം വകുപ്പിൽ റെയിഞ്ചർമാരിൽ നിന്നും ഈടാക്കാൻ അവശേഷിക്കുന്ന 'മിസലേനിയസ് അഡ്വാൻസ്' ഈടാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) 'ദി മിസലേനിയസ് അഡ്വാൻസ്' ഇനത്തിൽ 1999 നവംബർ 30 വരെ എന്തുതുക പിരിച്ചെടുക്കുന്നതിന് അവശേഷിക്കുന്നുണ്ട് ;

(സി) ഈ തുക ശമ്പളത്തിൽ നിന്ന് ഈടാക്കാൻ കഴിയുന്നില്ലെങ്കിൽ റവന്യൂ റിക്കവറി നടപടി പ്രകാരം തുക ഈടാക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) റിട്ടയർ ചെയ്തുപോയ റെയിഞ്ചർമാരിൽ നിന്നും അവരുടെ പെൻഷൻ ആനുകൂല്യങ്ങളിൽ നിന്നും പ്രസ്തുത തുക ഈടാക്കാൻ നടപടി സ്വീകരിക്കുമോ ;

(ഇ) റിട്ടയർ ചെയ്തവരിൽ നിന്നും മിസലേനിയസ് അഡ്വാൻസ് ഈടാക്കാൻ അവശേഷിക്കാത്തവരുടെ പേരും തുകയും വെളിപ്പെടുത്തുമോ ;

(എഫ്) ഇവരുടെ പേരിൽ അവശേഷിക്കുന്ന തുക ഈടാക്കാൻ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട് ;

(ജി) ഒരു ലക്ഷത്തിലധികം രൂപ മിസലേനിയസ് അഡ്വാൻസ് ഇനത്തിൽ ഈടാക്കാനുള്ളവരുടെ പേരും തുകയും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇരുപതിനായിരം രൂപയ്ക്ക് താഴെ മാത്രം നിലനിൽക്കുന്ന മിസ്ലേനിയസ് അഡ്വാൻസ് തുക ബന്ധപ്പെട്ട റെയിഞ്ചർമാരുടെ ശമ്പളത്തിൽ നിന്നും ഗഡുക്കളായി തിരികെ പിടിക്കാനുള്ള നടപടി സ്വീകരിക്കാൻ എല്ലാ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കുടിശ്ശികക്കാർ ഇപ്പോൾ ജോലി നോക്കുന്ന ഓഫീസ് മേധാവി മുഖേന

LIBRARY ARCHIVES Kerala Legislative Assembly

റിക്കവറി നടത്തി വരുന്നുണ്ട്. ഇരുപതിനായിരം രൂപയ്ക്ക് മേൽ മിസലേനിയസ് അഡ്വാൻസ് നിലനിൽക്കുന്നവരുടെ കാര്യത്തിൽ ഒരു നിശ്ചിത തീയതിക്കകം തുക ട്രഷറിയിൽ ഒടുക്കുന്നതിന് കൗണ്ടർ സൈൻഡ് ചെലാൻ സഹിതം നോട്ടീസ് നൽകുകയും നിശ്ചിത തീയതിക്കകം തുക അടയ്ക്കുന്നില്ലെങ്കിൽ റവന്യൂ റിക്കവറി നടപടികൾ കൈക്കൊള്ളാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. അഡ്വാൻസ് തിരികെ പിടിക്കാൻ നിർവ്വാഹമില്ലാത്ത അവസ്ഥയിൽ പി. എ. ആക്ട് പ്രയോഗിക്കാറുമുണ്ട്. കൂടാതെ അക്കൗണ്ടന്റ് ജനറലുമായി ബന്ധപ്പെട്ട് റിട്രെഞ്ചുമെന്റ് സ്ലിപ്പ് പുറപ്പെടുവിക്കാൻ നിർദ്ദേശിക്കുകയും അതുപ്രകാരം തുക ഈടാക്കാനും നടപടികൾ കൈക്കൊള്ളുന്നുമുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ഇത്തരം കേസ്സുകളിൽ റവന്യൂ റിക്കവറി നടപടികൾ കൈക്കൊള്ളുന്നുണ്ട്.

(ഡി) റിട്ടയർ ചെയ്തുപോയ റെയിഞ്ചർമാരുടെ പേരിൽ മിസ്‌ലേനിയസ് അഡ്വാൻസ് അവരുടെ ബാദ്ധ്യതയായി അംഗീകരിച്ച് ഡി.സി.ആർ.ജി.യിൽ നിന്നും ഈടാക്കാറുണ്ട്.

(ഇ) വിവരം ശേഖരിച്ചു വരുന്നു.

(എഫ്) ഈ തുക ഡി.സി.ആർ.ജി.യിൽ നിന്നും കുറവ് ചെയ്യാറുണ്ട്. ഡി.സി.ആർ.ജി.യിൽ നിന്നും ഈടാക്കാൻ കഴിയാത്ത തുകയുടെ കാര്യത്തിൽ റവന്യൂ റിക്കവറി നടപടി സ്വീകരിക്കാറുണ്ട്.

(ജി) വിവരം ശേഖരിച്ചുവരുന്നു.

വനംവകുപ്പിലെ താല്ക്കാലിക ഡ്രൈവർമാർ

76(113) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനംവകുപ്പിൽ തിരുവനന്തപുരം ജില്ലയിൽ (ഹെഡ് ഓഫീസ് ഉൾപ്പെടെ) എത്ര വാഹനങ്ങൾ നിലവിലുണ്ട് എന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത വാഹനങ്ങൾക്കായി എത്ര തസ്തികകൾ അനുവദിക്കപ്പെട്ടിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(സി) അനുവദിക്കപ്പെട്ട തസ്തികയിൽ സ്ഥിരം ഡ്രൈവർമാരുടെ എണ്ണം എത്രയെന്നും താൽക്കാലിക ഡ്രൈവർമാരുടെ എണ്ണം എത്രയെന്നും വ്യക്തമാക്കാമോ ;

(ഡി) താൽക്കാലിക ഡ്രൈവർമാരെ നിയമിക്കാനുള്ള കാരണം എന്താണെന്ന് വിശദമാക്കാമോ ;

(ഇ) താൽക്കാലിക ഡ്രൈവർമാരെ പിരിച്ചുവിട്ട് പ്രസ്തുത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് കോടതി നിർദ്ദേശം ഉണ്ടായിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly